"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ "ഡിവിഷൻ 23 മുണ്ടംവേലി അത്തിപ്പൊഴി റോഡ്" എന്ന പ്രവൃത്തിയുടെ പേര് "അത്തിപ്പൊഴി - മാനാശ്ശേരി റോഡിന്റെ ബൈ ലെയ്ൻ ആയ മദർ തെരേസ റോഡ്" എന്ന് മാറ്റി ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(പി.പി) വകുപ്പ്**

സ.ഉ.(കൈ) നം.161/2025/LSGD തീയതി,തിരുവനന്തപുരം, 02-09-2025

---

പരാമർശം:-
1. 29.11.2024 ൽ LSGD-DB2/392/2024-LSGD-Part(1) നമ്പർ സർക്കുലർ.
2. 20.01.2025 ലെ സ.ഉ.(കൈ)നം.14/2025/LSGD.
3. ബഹു. കൊച്ചി എം.എൽ.എയുടെ 10.02.2025 ലെ കത്ത്.
4. 19.05.2025 ലെ സ.ഉ.(കൈ)നം.80/2025/LSGD.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയില്ലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനായി 2024-25 ലെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 1000 കോടി രൂപ വിനിയോഗിച്ച് 3540 റോഡുകളുടെ നിർമ്മാണത്തിന് പരാമർശം (2) പ്രകാരം തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു.

2. പരാമർശം (4) പ്രകാരം തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയുടെ പേര് "മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0" എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. പരാമർശം (2) പ്രകാരം 33 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ "ഡിവിഷൻ - 23 മുണ്ടംവേലി അത്തിപ്പൊഴി റോഡ്" എന്ന പ്രവൃത്തിയുടെ പേര് ആസ്തി രജിസ്റ്റർ പ്രകാരമുള്ള കൃത്യമായ പേരായ അത്തിപ്പൊഴി - മാനാശ്ശേരി റോഡിന്റെ ബൈ ലെയ്ൻ ആയ മദർ തെരേസ റോഡ്" എന്ന് മാറ്റി നല്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. കൊച്ചി എം.എൽ.എ പരാമർശം (3) കത്ത് നൽകിയിരുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 ൽ ഉൾപ്പെടുത്തി 33 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ

"ഡിവിഷൻ - 23 മുണ്ടംവേലി അത്തിപ്പൊഴി റോഡ്" എന്ന പ്രവൃത്തിയുടെ പേര് "അത്തിപ്പൊഴി മാനാശ്ശേരി റോഡിന്റെ ബൈ ലെയ്ൻ ആയ മദർ തെരേസ റോഡ്" എന്ന് മാറ്റി പരാമർശം (2) ലെ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ധനകാര്യ വകുപ്പ് (ധനകാര്യ (വികസന) വകുപ്പിന്റെ 31.07.2025 ലെ 3079321/ ഡെവ-3/65/2025-ധന അനൗദ്യോഗിക കുറിപ്പ് പ്രകാരം)
ട്രഷറി ഡയറക്ടർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manju L S
Date: 03-09-2025 10:54:50
സെക്ഷൻ ഓഫീസർ